DESPATCHED On.. 08/06/2020

20.3.2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1437*(7)/2013*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **9705**/*എസ്.ഐ.സി-ജി 6/13*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

അഡ്വ..പി.പി.അരവിന്ദാക്ഷൻ,
തളിപ്പറമ്പ,
പിൻ – 670 141.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജൂനിയർ സൂപ്രണ്ട്, (ബി) സെക്ഷൻ,
കളക്ടറേറ്റ്, കണ്ണൂർ.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.),
കളക്ടറേറ്റ്, കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 01.03.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 18.03.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 25.03.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 29.04.2013 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 08.07.2013 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 11.07.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.പി.പി.അരവിന്ദാക്ഷൻ, 08.07.2013ന് സമർപ്പിച്ച അപ്പീൽ ഹർജി 11.07.2013ന് കമ്മീഷൻ ഓഫീസിൽ ലഭിക്കു

കയും ആയത് AP.No.1437(7)/13/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് രേഖാമൂലം മറുപടി നൽകാതെ ഫയൽ പരിശോധിക്കാനാണ് ആവശ്യപ്പെട്ടതെന്നും തുടർന്ന് സമർപ്പിച്ച അപ്പീലിനും മറുപടി നൽകിയില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 01.03.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 18.03.2013ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 29.04.2013ന് മറുപടി നൽകിയതായും കാണുന്നു.

4. 13.08.2013ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 11.03.2013ന് ചോദ്യാവലി രൂപത്തിൽ 2005 മുതൽ 2012വരെയുള്ള എസ്.എം. കേസുകളുടെയും ആയത് സംബന്ധിച്ച വിശദവിവരങ്ങളും ആവശ്യപ്പെട്ടിരുന്നുവെന്നും ടി വിവരങ്ങൾ ഉൾപ്പെട്ട ബന്ധപ്പെട്ട രജിസ്റ്ററുകൾ ഓഫീസ് സമയത്ത് ഹാജരായി പരിശോധിക്കാവുന്നതാണെന്നു മറുപടി നൽകിയെന്നുമാണ്. ടി മറുപടിയ്ക്കെതിരെ ടിയാൻ അപ്പീൽ നൽകുകയും ടി അപ്പീലും ഒന്നാം എതിർക്ഷിയുടെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകിയ മറുപടി സ്വീകാര്യമാണെന്നു കണ്ടതിനാൽ ടിയാന്റെ അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ അപേക്ഷ സമർപ്പിച്ച സമയത്ത് ജോലി വിഭജനം നടത്തി മൂന്ന് ഡെപ്യൂട്ടി കളക്ടർമാരെ നിയമിച്ചിരുന്നുവെന്നും ടി മൂന്ന് സെക്ഷനുകളില നിന്നും വിവരങ്ങൾ ക്രോഡീകരിച്ചു നൽകാൻ സാധിച്ചിരുന്നില്ല എന്നുമാണ്. തുടർന്ന് അപ്പീൽ സമർപ്പിച്ചപ്പോൾ മറ്റു സെക്ഷനുകളിൽ നിന്നും 2012വരെയുള്ള ഫയലുകൾ പരിശോധിച്ച് ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് 28.03.2019ൽ മുഴുവൻ വിവരങ്ങളും ടിയാന് നൽകിയിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയും

റിപ്പോർട്ടും അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയുരുത്തി ഇന്നേദിവസം 2020 മാർച്ച് 20-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM